# മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ്
# (MCYM)

## സഭാതല സമിതി

# ഭരണഘടന

സഭാതല കാര്യാലയം,
കാതോലിക്കേറ്റ് സെന്റർ,
പട്ടം, തിരുവനന്തപുരം - 4

Website: www.mcymcs.com
E-mail: mcymcs12@gmail.com
mcymonline@gmail.com

*1992 സെപ്തംബർ 20-ാം തീയതി കൊല്ലത്തുവച്ചു നടന്ന 62-ാം പുനരൈക്യ വാർഷികാഘോഷാവസരത്തിൽ മലങ്കര എപ്പിസ്കോപ്പൽ യൂത്ത് കമ്മീഷൻ ചെയർമാൻ മലങ്കര യുവജനങ്ങൾക്കായി പ്രഖ്യാപിച്ച് ഔദ്യോഗിക ഭരണഘടനയുടെ പരിഷ്ക്കരിച്ച പതിപ്പ് 1996 സെപ്റ്റംബർ 20-ാം തീയതി പ്രസിദ്ധീകരിച്ചു. പിന്നീട് കാലോചിതമായ* ഭേദഗതികളോടെ 2005 മെയ് 14-ാം തീയതി മലങ്കര കത്തോലിക്കാ സഭയെ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തുകയും സഭയുടെ പ്രഥമ മേജർ ആർച്ച് ബിഷപ്പായി മോറാൻ മോർ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവായുടെ സ്ഥാനാരോഹണം നടത്തുകയും ചെയ്ത ദിനത്തിൽ പ്രസിദ്ധീകരിച്ചു. ഇപ്പോൾ 2017 ഫെബ്രുവരി 20-ന് കാലോചിതമായ ഭേദഗതികൾ ഉൾക്കൊണ്ട് മലങ്കര സുറിയാനി കത്തോലിക്കാ സഭാദ്ധ്യക്ഷൻ മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാ ബാവായുടെ പ്രത്യേക അംഗീകാരത്തോടെ പ്രസിദ്ധീകരിക്കുന്നത്.

എം.സി.വൈ.എം. സഭാതല ഓഫീസ്,
കാതോലിക്കേറ്റ് സെന്റർ, പട്ടം
തിരുവനന്തപുരം

20-02-2017

*Printed at*
*St. Mary's Press, Pattom*

# ശ്രേഷ്ഠാനുമതിയും അംഗീകാരവും

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ഔദ്യോഗിക യുവജനപ്രസ്ഥാനമായ മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് (എം.സി.വൈ.എം) സഭാതലസമിതിയുടെ ഭരണഘടന കാലോചിതമായ ഭേദഗതികളോടെ പ്രസിദ്ധീകരിക്കുന്നതിലുള്ള സന്തോഷം അറിയിക്കുന്നു. 2015 ജനുവരി 31, ഫെബ്രുവരി 1 തീയതികളിൽ മൈസൂരിച്ച് വച്ച് നടന്ന എം.സി.വൈ.എം. ഗ്ലോബൽ മീറ്റിംഗിനോടനുബന്ധിച്ച് കൂടിയ സഭാതല സമിതി സെനറ്റ് സമ്മേളനം നിർദ്ദേശിക്കുകയും തുടർന്ന് അംഗീകാരത്തിനായി പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന് സമർപ്പിക്കുകയും ചെയ്തിരുന്നു. തദനുസരണം വന്ന ഭേദഗതികളാണ് പുതുക്കിയ ഈ ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

നിയതമായ ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഏതൊരു പ്രസ്ഥാനത്തിനും വ്യക്തമായ ഭരണഘടനയും നടപടിക്രമങ്ങളും ഉണ്ട്. കഴിഞ്ഞ 26 വർഷമായി എം.സി.വൈ.എം. സഭാതലസമിതി മലങ്കര സുറിയാനി കത്തോലിക്കാ സഭയിൽ പ്രവർത്തിക്കുന്നത് ഭരണഘടന അനുസരിച്ചാണ്. നമ്മുടെ യുവജനപ്രസ്ഥാനത്തെ ക്രമീകൃതവും, സജ്ജീവവും, സുശക്തവും ആക്കുന്നതിനും, നമ്മുടെ യുവജനങ്ങളുടെ വ്യക്തിത്വവികസനവും സമൂഹത്തിന്റെ നന്മയും മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ബഹുമുഖ വളർച്ചയും കൈവരിക്കുന്നതിനും ഈ ഭരണഘടന അനുസരിച്ചുള്ള പ്രവർത്തനങ്ങൾ സഹായിക്കും എന്ന് ഞാൻ പ്രത്യാശിക്കുന്നു.

വിശുദ്ധ പൗലോസ് ശ്ലീഹാ ഇപ്രകാരം പഠിപ്പിക്കുന്നു; "സ്നേഹം അയൽക്കാരന് ഒരു ദ്രോഹവും ചെയ്യുന്നില്ല, അതുകൊണ്ട് നിയമത്തിന്റെ പൂർത്തീകരണം സ്നേഹമാണ് (റോമ. 13:10). നിയമത്തിന്റെ ആത്യന്തിക ലക്ഷ്യം സ്നേഹമാണ്. നിയമങ്ങൾ നമ്മെ സഹായിക്കുന്നത് കൂടുതൽ സ്നേഹത്തിലേക്ക് വളരാനാണ്. സഭയിലെ അടുത്ത തലമുറ എന്ന നിലയിൽ യുവജനങ്ങൾ ഐക്യത്തിലും, സ്നേഹത്തിലും, കൂട്ടായ്മയിലും വളരാൻ ഈ ഭരണഘടന സഹായിക്കട്ടെ എന്ന് ഞാൻ ആശംസിക്കുന്നു.

എം.സി.വൈ.എം. സഭാതല സമിതിയുടെ ഭരണഘടന കാലോചിതമായി പരിഷ്കരിക്കുവാൻ വേണ്ട നിർദ്ദേശങ്ങള നൽകിയ അഭിവന്ദ്യ ചെയർമാൻ തിരുമേനി, അഭിവന്ദ്യ പിതാക്കൻമാർ, ബഹു. വൈദികർ, ബഹു. ആനിമേറ്റേഴ്സ്, യുവജനങ്ങൾ, മുൻകാല നേതാക്കൻമാർ, ഭരണഘടനാ ഭേദഗതി കമ്മിറ്റിയംഗങ്ങൾ എന്നിവരെ നന്ദിയോടെ ഓർക്കുന്നു. ഈ ഭരണഘടന അംഗീകരി ക്കുകയും അനുമതി നൽകുകയും ചെയ്യുന്നതുവഴി 2017 ഫെബ്രുവരി 20 മുതൽ പുതിയ ഭരണഘടന നിലവിൽ വരുന്നതും അതിന് വിരുദ്ധമായ സകല നിയമങ്ങളും റദ്ദ് ചെയ്തിരിക്കുന്നതും ആകുന്നു എന്ന് ഇതിനാൽ ഏവരെയും അറിയിക്കുന്നു.

സഭാതല സമിതിയുടെ ഭരണഘടന അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ നമ്മുടെ യുവജനങ്ങളെ കൂടുതൽ കർമ്മോത്സു കരാക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

തിരുവനന്തപുരം<br>19-02-2017

✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവ<br>മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ<br>മേജർ ആർച്ചുബിഷപ്പ് - കാതോലിക്കോസ്

# വിഷയവിവരം

ശ്രേഷ്ഠാനുമതി

അദ്ധ്യായം 1

1. പേര്
2. എംബ്ളം
3. പതാക
4. വ്യാപ്തി
5. ലക്ഷ്യം
6. സ്വർഗ്ഗീയ മദ്ധ്യസ്ഥൻ
7. മുഖ്യരക്ഷാധികാരി
8. ചെയർമാൻ
9. അംഗത്വം

അദ്ധ്യായം 2

10. ഘടന
11. ഭരണ സംവിധാനം

അദ്ധ്യായം 3

അധികാരങ്ങളും അവകാശങ്ങളും

12. ഭരണ സമിതിയംഗങ്ങളുടെ അധികാരങ്ങളും അവകാശങ്ങളും
    1. ചെയർമാൻ
    2. ഡയറക്ടർ
    3. പ്രസിഡന്റ്
    4. വൈസ് പ്രസിഡന്റ്
    5. ജനറൽ സെക്രട്ടറി
    6. സെക്രട്ടറി
    7. ട്രഷറർ
13. ഭരണസമിതിയുടെ അധികാരങ്ങളും അവകാശങ്ങളും
    1. സഭാതല സെക്രട്ടറിയേറ്റ്
    2. സഭാതല സിൻഡിക്കേറ്റ്
    3. സഭാതല സെനറ്റ്

## അദ്ധ്യായം 4

**14. യോഗങ്ങൾ**

1. സഭാതല സെക്രട്ടറിയേറ്റ്
2. സഭാതല സിൻഡിക്കേറ്റ്
3. സഭാതല സെനറ്റ്

## അദ്ധ്യായം 5

**15. തെരഞ്ഞെടുപ്പും കാലാവധിയും**

1. യോഗ്യത
2. തെരഞ്ഞെടുപ്പ്
3. കാലാവധി

## അദ്ധ്യായം 6

**16. ധനാഗമ മാർഗങ്ങൾ**

**17. ആഘോഷങ്ങൾ**

**18. കേന്ദ്ര കാര്യാലയം**

**19. രജിസ്റ്ററുകളും റെക്കോർഡുകളും**

a. യൂത്ത് അഡ്വൈസറി കൗൺസിൽ

## അദ്ധ്യായം 7

**20. ശിക്ഷാ നടപടി**

**21. രാജി**

**22. ഭേദഗതികൾ**

**23. നിയമ വ്യാഖ്യാനം**

## അദ്ധ്യായം 8
## അനുബന്ധങ്ങൾ

1. പ്രാർത്ഥന
2. പ്രതിജ്ഞ
3. എം.സി.വൈ.എം. ആന്തം

# എം.സി.വൈ.എം. സഭാതലസമിതി

# ഭരണഘടന

## അദ്ധ്യായം I

**1. പേര്**

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യുവജന പ്രസ്ഥാനമായ ഈ സംഘടനയുടെ പേര് മലങ്കര കത്തോലിക്കാ യുവജന പ്രസ്ഥാനം (Malankara Catholic Youth Movement) മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് ചുരുക്കത്തിൽ M.C.Y.M. എന്നായിരിക്കും. അതാത് ഭദ്രാസന തലങ്ങളിൽ ഭദ്രാസനത്തിന്റെ പേരും ഉൾപ്പെടുന്നതായിരിക്കും.

**2. എംബ്ളം**

ഇത് ഈ പ്രസ്ഥാനത്തിന്റെ ഔദ്യോഗിക എംബ്ളം ആയിരിക്കും. യേശുവിന്റെ രക്ഷാകരപദ്ധതിയുടെ തുടർച്ചയായ യുവജനങ്ങൾ, വിശുദ്ധ ബൈബിളിൽ നിന്നും, കുരിശിൽ നിന്നും ശക്തി പ്രാപിച്ച് ഭൂമിയിൽ പ്രകാശം പരത്തുവാനുള്ള ഉത്തരവാദിത്വം ഏൽപ്പിക്കപ്പെട്ടവരാണെന്നുള്ള ആഹ്വാനമാണ് എംബ്ളം നൽകുന്നത്.

**3. പതാക**

ഈ പ്രസ്ഥാനത്തിന്റെ പതാകയുടെ നിറങ്ങൾ മുകളിൽ നിന്നും താഴേക്ക് യഥാക്രമം **ചുവപ്പ്, വെള്ള, മഞ്ഞ** എന്നിവയായിരിക്കും. ഓരോ നിറത്തിനും തുല്യ അളവായിരിക്കും. പതാകയുടെ വലുപ്പം യഥാക്രമം നീളം, വീതി 3:2 എന്ന അനുപാതത്തിലായിരിക്കും. മദ്ധ്യഭാഗത്തുള്ള വെള്ളയിൽ പ്രസ്ഥാനത്തിന്റെ എംബ്ളം മുദ്രണം ചെയ്തിരിക്കും.

**പതാകയുടെ ചുവപ്പുനിറം** - തന്റെ തിരുരക്തം വഴി ഒരു നവയുഗ പിറവിക്ക് നാന്ദികുറിച്ച ക്രിസ്തുവിലൂടെ യുവജനങ്ങൾ സാധിതമാക്കേണ്ട സമഗ്രപരിവർത്തനത്തേയും; **വെളുപ്പുനിറം** - പുനരൈക്യത്തിലൂടെ മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്ക് അനുഭവവേദ്യമായ ശാന്തിയും സമാധാനവും സഭേതര സമൂഹങ്ങൾക്ക് ലഭ്യമാക്കിക്കൊടുക്കുവാനുള്ള ദൗത്യത്തേയും; **മഞ്ഞനിറം**

- കാതോലികവും, ശ്ലൈഹികവും, ഏകവും വിശുദ്ധവുമായ സത്യസഭയിലുള്ള കൂട്ടായ്മയേയും, വിധേയത്വത്തേയും സൂചിപ്പിക്കുന്നു.

**4. വ്യാപ്തി**

ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തന മണ്ഡലം മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ എല്ലാ മേജർ അതിഭദ്രാസന/അതിഭദ്രാസന/ഭദ്രാസന/എക്സാർകേറ്റുകളിലും ഭദ്രാസനാതിർത്തിക്കു പുറത്തുള്ള മലങ്കര സുറിയാനി കത്തോലിക്കാ സഭാ സമൂഹങ്ങളിലും ആയിരിക്കും.

**5. ലക്ഷ്യം**

പിതാവായ ദൈവം തന്റെ ഏകജാതനായ യേശുക്രിസ്തുവിൽ നിർണ്ണായകമായി ഉദ്ഘാടനം ചെയ്ത രക്ഷാകരപദ്ധതി തുടരുകയാണല്ലോ സഭയുടെ ദൗത്യം. ഈ രക്ഷാകരപദ്ധതി മലങ്കര സുറിയാനി കത്തോലിക്കാ സഭയിലൂടെ മനുഷ്യരാശിക്ക് അനുഭവവേദ്യമാക്കുകയാണ് ഈ പ്രസ്ഥാനത്തിന്റെ പരമമായ ലക്ഷ്യം. സുവിശേഷവത്ക്കരണ പ്രക്രിയയിലൂടെയാണ് ഈ ലക്ഷ്യം സാധിതമാകുന്നത്.

യുവജനങ്ങളുടെ സമഗ്രവികസനവും സമൂഹത്തിന്റെ സമ്പൂർണ്ണ വിമോചനവും ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യമാകുന്നു. ഈ ലക്ഷ്യം നേടിയെടുക്കുന്നതിന് താഴെ പറയുന്ന കർമ്മപരിപാടികൾ പൊതുവായി സ്വീകരിക്കുന്നു.

**a) ആദ്ധ്യാത്മികം**

യുവജനങ്ങളെ ക്രൈസ്തവ വിശ്വാസത്തിൽ ഉറപ്പിക്കുന്നതിനും വിശ്വാസസത്യങ്ങളെ അനുദിന ജീവിതത്തിൽ പ്രായോഗികമാക്കുന്നതിനും പരിശീലനം നൽകുന്നു.

പ്രാർത്ഥനാ ജീവിതത്തിലൂടെ ആദ്ധ്യാത്മിക ചൈതന്യം നേടുന്നതിനും ക്രൈസ്തവ ദർശനാധിഷ്ഠിത നേതൃത്വശൈലി വളർത്തിയെടുക്കുന്നതിനും ശിക്ഷണം നൽകുന്നു.

മാതൃകാപരമായ ജീവിതശൈലി വാർത്തെടുക്കുവാൻ ക്രൈസ്തവ മൂല്യാധിഷ്ഠിതമായ ബോധനം നൽകുന്നു.

സഭാപരമായ ആരാധനകളോടും അനുഷ്ഠാനങ്ങളോടും ആഭിമുഖ്യം വളർത്തിയെടുത്ത് മാതൃകാപരമായ കൂദാശ ജീവിതം നയിക്കുന്നതിന് പ്രാപ്തരാക്കുന്നു.

സഭയുടെ ഇതര ശുശ്രൂഷ സംവിധാനങ്ങളിൽ മലങ്കര സുറി യാനി കത്തോലിക്കാ യുവജനങ്ങൾക്ക് ആദ്ധ്യാത്മികമായ ബോധനം നൽകുന്നു.

ഇടവക സമൂഹത്തെ ചൈതന്യവൽക്കരിക്കുന്നതിനു വേണ്ടി മതബോധനം, പ്രാർത്ഥനായോഗം, ധ്യാനയോഗം, ബൈബിൾ കൺവെൻഷൻ മുതലായവയ്ക്ക് നേതൃത്വം നൽകുന്നതിന് പ്രായോഗിക പരിജ്ഞാനം നൽകുന്നു. അഭിവന്ദ്യ പിതാക്കന്മാരുടെ ഓർമ്മത്തിരുന്നാൾ, സഭാതലത്തിലെ വിവിധ ആചരണങ്ങൾ എന്നിവ ഭക്തിപൂർവ്വം ആചരിക്കുകയും പങ്കുചേരുകയും ചെയ്യുന്നു.

**b) ബൗദ്ധികം**

ശാസ്ത്രസാങ്കേതിക വിഷയങ്ങളിൽ അറിവുനേടുന്നതിനൊപ്പം സഭയുടെ പ്രബോധനങ്ങൾ പഠിക്കുന്നതിനും സ്വാംശീകരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും അംഗങ്ങളെ പ്രോത്സാഹിപ്പിക്കുകയും വേണ്ട അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുന്നു.

ചർച്ചാസമ്മേളനങ്ങൾ, സെമിനാറുകൾ, ഡിബേറ്റുകൾ, കോർണർ മീറ്റിംഗുകൾ, എക്സിബിഷനുകൾ, പഠനപര്യടനങ്ങൾ മുതലായവ സംഘടിപ്പിക്കുന്നു.

മതപരവും വിദ്യാഭ്യാസപരവുമായ പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ട വിജ്ഞാനവേദികൾ, വായനാശാലകൾ മുതലായവ ആവിഷ്ക്കരിക്കുന്നു. ശാസ്ത്രസാങ്കേതിക രംഗത്തുള്ള നൂതന സാങ്കേതികത്വം ഉപയോഗിക്കുന്നു. ബൗദ്ധികമായ വളർച്ചയ്ക്കാവശ്യമുള്ള ലഘുലേഖകൾ, പ്രസ്ഥാനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം, മറ്റ് പഠനോപാധികൾ എന്നിവ പ്രവർത്തകർക്ക് എത്തിച്ചുകൊടുക്കുന്നു.

**c) സാമൂഹികം**

സമൂഹത്തിന്റെ നിജസ്ഥിതിയെക്കുറിച്ച് അപഗ്രഥിച്ചു പഠിക്കുന്നതിനും, സാമൂഹ്യ തിന്മകൾക്കെതിരെ ധീരമായി പ്രതികരിക്കുന്നതിനും, ക്രൈസ്തവദർശനങ്ങളുടെ അടിസ്ഥാനത്തിലുള്ള ക്രിയാത്മക പ്രവർത്തനത്തിലൂടെ ഒരു പുതിയ സമൂഹനിർമ്മിതിക്കായി പ്രവർത്തിക്കുന്നതിനും യുവജനങ്ങളെ സജ്ജമാക്കുന്നു.

തൊഴിൽപരവും, കാർഷികവും വ്യാവസായികവുമായ പരിശീലനങ്ങൾ നൽകി നൂതനമായ ആഭിമുഖ്യങ്ങൾ ഈ മേഖലകളിൽ വളർത്തിയെടുക്കുന്നു.

സാമൂഹ്യപ്രശ്നങ്ങൾക്ക് സംഘടിത ശ്രമങ്ങളിലൂടെ പരിഹാരം തേടുന്നു.

സഭയുടെയും, സർക്കാരിന്റെയും ജനക്ഷേമപദ്ധതികളെപ്പറ്റി അറിവു ശേഖരിക്കുകയും അർഹരായവർക്ക് അവ ലഭ്യമാക്കു

ന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും അവയ്ക്കുവേണ്ടി പരിശ്രമിക്കുകയും ചെയ്യുന്നു.

പിന്നോക്ക സമുദായങ്ങളുടേയും, അനീതിയും അവഗണനയും അവശതയും അനുഭവിക്കുന്ന ജനസമൂഹങ്ങളുടെയും പുരോഗതിക്കു വേണ്ടി കർമ്മപരിപാടികൾ ആവിഷ്ക്കരിക്കുന്നു.

**d) സാംസ്കാരികം**

ഭാരതീയവും ക്രിസ്തീയവുമായ സാംസ്കാരിക പാരമ്പര്യങ്ങൾ സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുന്നതിനുള്ള വേദികൾ സൃഷ്ടിക്കുന്നു.

ഭാരതീയ തത്വചിന്തകൾ വിലമതിക്കുന്നതിനുള്ള സന്ദർഭങ്ങൾ സൃഷ്ടിക്കുന്നു.

യുവജനങ്ങളിൽ രൂഢമൂലമായിരിക്കുന്ന കായികവും കലാപരവുമായ കഴിവുകളെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും യുവജനോത്സവങ്ങൾ, സാഹിത്യ-കല പരിശീലനകളരികൾ, കലാ-സാഹിത്യ മത്സരങ്ങൾ, സാംസ്കാരിക സമ്മേളനങ്ങൾ മുതലായവ സംഘടിപ്പിക്കുന്നു.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ സാംസ്കാരിക ദർശനങ്ങൾക്ക് ഊന്നൽ നൽകുന്ന പരിപാടികൾ സംഘടിപ്പിക്കുന്നു.

**e) രാഷ്ട്രീയം**

ജനാധിപത്യത്തിന്റെ ശ്രദ്ധേയമായ കർമ്മ മണ്ഡലമായ രാഷ്ട്രീയതലത്തിൽ പ്രവർത്തിക്കാനുള്ള ഉത്തരവാദിത്വം യുവജനങ്ങളിൽ നിക്ഷിപ്തമാണ്. ഈ മണ്ഡലത്തിൽ സജീവമാകാനും നേതൃത്വം നൽകുവാനും യുവജനങ്ങളെ പ്രോൽസാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുന്നു.

**6. സ്വർഗ്ഗീയ മദ്ധ്യസ്ഥൻ**

വിശുദ്ധ ഫ്രാൻസിസ് അസ്സീസിയായിരിക്കും ഈ പ്രസ്ഥാനത്തിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥൻ.

**7. എം.സി.വൈ.എം ദിനം**

വിശുദ്ധന്റെ മദ്ധ്യസ്ഥ തിരുനാളായ ഒക്ടോബർ 4 എം.സി. വൈ.എം. ദിനമായി ആചരിക്കുന്നു. അന്നേദിവസം യൂണിറ്റ്, വൈദികജില്ല/മേഖല, മേജർ അതിഭദ്രാസന, അതിഭദ്രാസന, ഭദ്രാസന, എക്സാർക്കേറ്റ്, സഭാതലങ്ങളിൽ എം.സി.വൈ.എം. ദിനം സജീവമായി ആചരിക്കണം.

**8. മുഖ്യ രക്ഷാധികാരി**

ഈ പ്രസ്ഥാനത്തിന്റെ മുഖ്യ രക്ഷാധികാരി മലങ്കര സുറിയാനി കത്തോലിക്കാ സഭാദ്ധ്യക്ഷനായിരിക്കും.

**9. ചെയർമാൻ**

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് നിയോഗിക്കുന്ന മലങ്കര സുറിയാനി യൂത്ത് കമ്മീഷൻ ചെയർമാൻ (മെത്രാൻ) ഈ പ്രസ്ഥാനത്തിന്റെ ചെയർമാനായിരിക്കും. ഈ പ്രസ്ഥാനത്തെ സംബന്ധിക്കുന്ന എല്ലാ തർക്കവിഷയങ്ങളിലും ചെയർമാന്റെ തീരുമാനം അന്തിമമായിരിക്കും. ഇത് കോടതിയിൽ ചോദ്യം ചെയ്യാൻ പാടില്ലാത്തതാകുന്നു.

**10. അംഗത്വം**

**a) സ്വഭാവം**

ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങളും കർമ്മപരിപാടികളും അംഗീകരിക്കുന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ 15 നും 35 നും മദ്ധ്യേ പ്രായമുള്ള എല്ലാ യുവജനങ്ങളും ഈ പ്രസ്ഥാനത്തിൽ അംഗങ്ങളായിരിക്കും.

പ്രസ്ഥാനത്തിൽ അംഗങ്ങളെ സ്വീകരിച്ച് അംഗീകരിക്കുന്നതിനുള്ള അധികാരം ഭദ്രാസനങ്ങളിൽ ഭദ്രാസന സമിതികൾക്കും ഭദ്രാസനാതിർത്തിക്ക് പുറത്തുള്ള മിഷൻ മേഖലകളിൽ അതത് സമിതികൾക്കും ആയിരിക്കും. എന്നാൽ അംഗങ്ങളുടെ ലിസ്റ്റ് സഭാതല സമിതിക്ക് നൽകി അംഗീകാരം വാങ്ങേണ്ടതാണ്. എന്നാൽ ഭദ്രാസനതാതിർത്തിക്ക് പുറത്തുള്ള മിഷൻ മേഖലകളിൽ ബഹു. വൈദികർ നേരിട്ട് മിഷൻ പ്രവർത്തനം നടത്താത്ത സന്ദർഭങ്ങളിൽ പ്രത്യേക വ്യക്തികൾക്ക് അംഗത്വം നൽകുന്നതിന് ചെയർമാന്റെ അനുവാദത്തോടെ സഭാതല സമിതിക്ക് അധികാരമുണ്ടായിരിക്കും.

കാനോനിക മുടക്കു ശിക്ഷകൾ അനുഭവിക്കുന്നവരോ സഭയിൽ നിരോധിക്കപ്പെട്ട സംഘടനകളിൽ അംഗത്വമുള്ളവരോ അവയുടെ സജീവ പ്രവർത്തകരോ ഈ സംഘടനയിൽ അംഗങ്ങൾ ആയിരിക്കുവാൻ പാടില്ല.

നിയമപരമായി അംഗത്വം സ്വീകരിക്കാൻ കഴിയാത്ത യുവജനങ്ങൾക്ക് അംഗത്വത്തിനുള്ള അവകാശ ആനുകൂല്യങ്ങളിൽ ഭാഗഭാഗത്വം ഉണ്ടായിരിക്കുന്നതല്ല.

അംഗത്വഫീസ്, വാർഷിക വരിസംഖ്യ, കാലാവധി എന്നിവ നിശ്ചയിക്കുന്നതും നിർദ്ദിഷ്ട അപേക്ഷഫോറങ്ങൾ വിതരണം ചെയ്യുന്നതും സംഭരിക്കുന്നതും ഭദ്രാസനതലങ്ങളിൽ ഭദ്രാസന

സമിതികളും മിഷൻ മേഖലകളിൽ മിഷൻ മേഖലാ സമിതികളും ഇതര സാഹചര്യങ്ങളിൽ സഭാതല സമിതിയും ആയിരിക്കും. ഇവയുടെ കോപ്പികളോടൊപ്പം സഭാതല സമിതി കാലാകാലങ്ങളിൽ ഭദ്രാസന യൂണിറ്റുകളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന വാർഷിക വരിസംഖ്യ ഓരോ വർഷവും പുതുക്കേണ്ടതാണ്.

ഭദ്രാസനതിർത്തിക്കു പുറത്തുള്ള യുവജനങ്ങൾ നിയമ പരമായി മിഷൻ മേഖലാ ഘടകങ്ങളിൽ അംഗത്വം നേടിയിരിക്കണം. മിഷൻ മേഖലാ സമിതികൾ സഭാതലസമിതിയോട് അഫിലിയേറ്റ് ചെയ്യണം. സഭാതലസമിതി നിശ്ചയിക്കുന്ന അഫിലിയേഷൻ ഫീസ് നൽകേണ്ടതാണ്.

ഒരേ കാലയളവിൽ പ്രസ്ഥാനത്തിൽ ഒരാൾക്ക് ഒന്നിലധികം അംഗത്വം ഉണ്ടാകാൻ പാടില്ല. അംഗത്വം ബന്ധപ്പെട്ട ഡയറക്ടറുടെ സമ്മതപത്രം വാങ്ങി ട്രാൻസ്ഫർ ചെയ്യാവുന്നതാണ്.

**b) അംഗത്വം നഷ്ടപ്പെടൽ**

പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ നിന്നും ന്യായമായ കാരണങ്ങൾ കൂടാതെ മൂന്നു വർഷത്തിലധികം മാറിനിൽക്കുകയോ സഭയുടേയോ, പ്രസ്ഥാനത്തിന്റെയോ ഉദ്ദേശലക്ഷ്യങ്ങൾക്കെതിരായി പ്രവർത്തിക്കുന്നു എന്ന് മേജർ അതിഭദ്രാസന/അതിഭദ്രാസന/ഭദ്രാസന/എക്സാർക്കേറ്റ് രക്ഷാധികാരി പ്രഖ്യാപിക്കുകയോ ചെയ്യുന്നപക്ഷം അംഗത്വം നഷ്ടപ്പെടാവുന്നതാണ്. ഭദ്രാസനാതിർത്തിക്ക് പുറത്ത് ദേശീയവും അന്തർദേശീയ വുമായ ഇടങ്ങളിൽ ഈ അധികാരം യൂത്ത് കമ്മീഷൻ ചെയർമാ നായിരിക്കും.

അംഗത്വഫീസ് കുടിശിഖ വരുത്തുകമൂലവും അംഗത്വം നഷ്ടപ്പെടാവുന്നതാണ്.

## അദ്ധ്യായം II

**11. ഘടന**

താഴെ പറയുന്ന പ്രകാരമായിരിക്കും ഈ പ്രസ്ഥാനത്തിന്റെ ഘടന

(1) സഭാതലം
(2) മേജർ അതിഭദ്രാസന/അതിഭദ്രാസന/ഭദ്രാസന/ എക്സാർക്കേറ്റ് തലം
(3) മിഷൻ മേഖലാതലം
(4) വൈദികജില്ല/മേഖലാതലം
(5) യൂണിറ്റ് തലം

**1. സഭാതലം**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ആകമാനമുള്ള എം.സി.വൈ.എമ്മിന്റെ പ്രവർത്തന സംവിധാനം.

**2. മേജർ അതിഭദ്രാസന/അതിഭദ്രാസന/ഭദ്രാസന/എക്സാർക്കേറ്റ് തലം**

മലങ്കര സുറിയാനി കത്തോലിക്കാ സഭയിലെ മേജർ അതിഭദ്രാസന/അതിഭദ്രാസന/ഭദ്രാസന/എക്സാർക്കേറ്റ് തലത്തിനകത്തുള്ള എം.സി.വൈ.എമ്മിന്റെ പ്രവർത്തന സംവിധാനം.

**3. മിഷൻ മേഖലാതലം**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ നിലവിലുള്ള ഭദ്രാസനാതിർത്തിക്കു പുറത്തുള്ള ദേശീയവും അന്തർദേശീയവുമായ എം.സി.വൈ.എമ്മിന്റെ പ്രവർത്തന സംവിധാനം.

**4. വൈദികജില്ല/മേഖലാതലം**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ഭദ്രാസനങ്ങൾക്കകത്തുള്ള വൈദിക ജില്ലാ/മേഖലാതലത്തിലുള്ള എം.സി.വൈ.എം ന്റെ പ്രവർത്തന സംവിധാനം.

**5. യൂണിറ്റ് തലം**

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ഭദ്രാസനങ്ങൾക്കകത്തുള്ള ഇടവകകളിലുള്ള എം.സി.വൈ.എം ന്റെ പ്രവർത്തന സംവിധാനം.

**12. ഭരണസംവിധാനം**

ഈ പ്രസ്ഥാനത്തിന് ചെയർമാൻ, ഡയറക്ടർ, അസി. ഡയറക്ടർ, ആനിമേറ്റർ, സഭാതല സെക്രട്ടറിയേറ്റ്, സഭാതല സിൻ ഡിക്കേറ്റ്, സഭാതല സെനറ്റ്, ഭദ്രാസനതല ഭരണസമിതികൾ, മിഷൻ മേഖലാതല ഭരണസമിതികൾ, വൈദികജില്ലാ/മേഖലാ ഭരണ സമിതികൾ, യൂണിറ്റ് ഭരണസമിതികൾ എന്നിവ ഉണ്ടായിരിക്കും. ഈ പ്രസ്ഥാനത്തിന്റെ ഭദ്രാസനതല സംവിധാനവും മിഷൻ മേഖലാ സംവിധാനവും സഭാതല സമിതിയുടെ ചട്ടങ്ങളും നടപടിക്രമങ്ങളും അനുസരിച്ച് പ്രവർത്തിക്കേണ്ടതാണ്.

സഭാതല സമിതിയുടെ ഭരണഘടനയുടെ വെളിച്ചത്തിലും ഭരണഘടനയ്ക്ക് വിരുദ്ധമാകാതെയും മേജർ അതിഭദ്രാസന/ അതിഭദ്രാസന/ഭദ്രാസന/എക്സാർക്കേറ്റ്/മിഷൻമേഖലാതല സമിതികൾ സഭാതല സമിതിയുടെ ഭരണഘടനക്ക് വിധേയമായി

അവർക്കുവേണ്ടി ഭരണഘടന തയ്യാറാക്കേണ്ടതാണ്. ഭരണഘടന പ്രസിദ്ധീകരിക്കുമ്പോൾ, സഭാതല സമിതിയുടെ ഭരണഘടന ഒന്നാം ഭാഗമായും മേജർ അതിഭദ്രാസന/അതിഭദ്രാസന/ഭദ്രാസന/ എക്സാർക്കേറ്റ്/മിഷൻമേഖല ഭരണഘടന രണ്ടാം ഭാഗമായും ചേർക്കേണ്ടതാണ്. ഭദ്രാസന സെനറ്റ് പാസ്സാക്കുന്ന ഭരണഘടന സഭാതലസമിതിക്കും, യൂത്ത് കമ്മീഷൻ ചെയർമാനും പരിശോധന കൾക്കായി നൽകേണ്ടതാണ്. ചെയർമാന്റെ അംഗീകാരം ലഭിച്ചതിന് ശേഷം മാത്രമേ ശ്രേഷ്ഠാനുമതിക്കായി ഭദ്രാസന മെത്രാപ്പോലീത്തായ്ക്ക് സമർപ്പിക്കാൻ പാടുള്ളൂ.

**a) ചെയർമാൻ**

ഈ പ്രസ്ഥാനത്തിന്റെ ചെയർമാൻ മലങ്കര സിറിയൻ കാത്തലിക് ബിഷപ്സ് യൂത്ത് കമ്മീഷൻ ചെയർമാനായിരിക്കും.

**b) ഡയറക്ടർ**

ചെയർമാനാൽ നിയമിക്കപ്പെടുന്ന ഒരു വൈദികനായിരിക്കും ഈ പ്രസ്ഥാനത്തിന്റെ ഡയറക്ടർ.

**c) അസി. ഡയറക്ടർ**

ചെയർമാനാൽ നിയമിക്കപ്പെടുന്ന ഒരു വൈദികൻ/സിസ്റ്റർ/ അല്മായൻ ആയിരിക്കും ഈ പ്രസ്ഥാനത്തിന്റെ അസി.ഡയറക്ടർ.

**d) ആനിമേറ്റർ**

ചെയർമാൻ നിയമിക്കുന്ന ഒരു സിസ്റ്ററും ഒരു അല്മായനു മായിരിക്കും ഈ പ്രസ്ഥാനത്തിന്റെ ആനിമേറ്റർമാർ.

**e) സഭാതല സെക്രട്ടറിയേറ്റ്**

വിവിധ മേജർ അതിഭദ്രാസന/അതിഭദ്രാസന/ഭദ്രാസന/ എക്സാർക്കേറ്റ് ഘടകങ്ങളിൽ നിന്നും ഭദ്രാസനതിർത്തിക്ക് പുറത്തുള്ള സമിതിയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന ഈ യുവജന നേതൃത്വ സമിതിയിൽ ഒരു പ്രസിഡന്റ്, മൂന്ന് വൈസ് പ്രസിഡന്റുമാർ, ഒരു ജനറൽ സെക്രട്ടറി, മൂന്ന് സെക്രട്ടറിമാർ, ഒരു ട്രഷറർ എന്നിവർ ഉൾപ്പെടുന്നു. ചെയർമാൻ, ഡയറക്ടർ, അസി.ഡയറക്ടർ, ആനിമേറ്റർമാർ എന്നിവർ ഈ സമിതിയെ എക്സ് - ഒഫീഷ്യോ അംഗങ്ങളാണ്.

ഐ.സി.വൈ.എം, മറ്റ് ഉപരിഘടകങ്ങളിലെ ഭാരവാഹികൾ എന്നിവർ കാലാവധി തീരും വരെ സഭാതല സെക്രട്ടറിയേറ്റ് അംഗങ്ങളായിരിക്കും. ഇവർക്ക് വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല.

**f) സഭാതല സിൻഡിക്കേറ്റ്**

ഈ സമിതിയിൽ മേജർ അതിഭദ്രാസന/അതിഭദ്രാസന/ഭദ്രാസന/എക്സാർക്കേറ്റിൽ നിന്നും ഭദ്രാസനതിർത്തിക്ക് പുറത്തുള്ള സമിതിയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന രണ്ട് പ്രതിനിധികൾ (ഒരാൾ വനിതയായിരിക്കണം), ഇവരിൽ നിന്ന് സെനറ്റ് തെരഞ്ഞെടുക്കുന്ന സഭാതല സെക്രട്ടറിയേറ്റ് അംഗങ്ങൾ, മേജർ അതിഭദ്രാസന/അതിഭദ്രാസന/ഭദ്രാസന/എക്സാർക്കേറ്റ് ഡയറക്ടർമാർ, ഭദ്രാസന പ്രസിഡന്റുമാർ, ഭദ്രാസന ആനിമേറ്റർമാർ എന്നിവർ ഉൾപ്പെടുന്നു.

എം.സി.വൈ.എമ്മിന് ഔദ്യോഗിക അംഗത്വമുള്ള ഇതര യുവജന സംഘടനകളുടെ സംസ്ഥാന ദേശീയ സമിതി ഭാരവാഹികളായ എം.സി.വൈ.എം അംഗങ്ങൾ സിൻഡിക്കേറ്റ് അംഗങ്ങളായിരിക്കും. ഇവർക്ക് വോട്ടവകാശം ഉണ്ടായിരിക്കുന്നതല്ല.

സ്ഥാനമൊഴിയുന്ന ഡയറക്ടർ, സ്ഥാനമൊഴിയുന്ന പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവർ ക്ഷണിതാക്കളായിരിക്കും.

ഭദ്രാസന ഡയറക്ടർ, ഭദ്രാസന പ്രസിഡന്റ്, ഭദ്രാസന ആനിമേറ്റർ എന്നിവർ സ്ഥാനമൊഴിയുന്ന മുറയ്ക്ക് ഇവരുടെ സിൻഡിക്കേറ്റ് അംഗത്വം നഷ്ടപ്പെടുന്നതാണ്.

സഭാതല സിൻഡിക്കേറ്റ് അംഗങ്ങളിൽ നിന്നാണ് സഭാതല സെക്രട്ടറിയേറ്റ് അംഗങ്ങളെ തെരഞ്ഞെടുക്കുന്നത്.

**g) സഭാതല സെനറ്റ്**

ഭരണഘടനയ്ക്കു വിധേയമായി പ്രസ്ഥാനത്തിന്റെ സഭാതല ത്തിലുള്ള പരമാധികാര സമിതിയായിരിക്കും സഭാതല സെനറ്റ്. ഈ സമിതിയിൽ സഭാതല സെക്രട്ടറിയേറ്റംഗങ്ങൾ, സഭാതല സിൻഡിക്കേറ്റംഗങ്ങൾ, മേജർ അതിഭദ്രാസന/അതിഭദ്രാസന/ഭദ്രാസന/എക്സാർക്കേറ്റ് തലത്തിലുള്ള ഭരണ സമിതിയംഗങ്ങൾ, എം.സി. വൈ.എം-ൽ നിന്നുള്ള സംസ്ഥാന ദേശീയ സിൻഡിക്കേറ്റംഗങ്ങൾ, ഭദ്രാസന ഡയറക്ടർമാർ, മിഷൻ മേഖലാ ഡയറക്ടർമാർ, ഭദ്രാസന ആനിമേറ്റർ സ്ഥാനമൊഴിയുന്ന എം.സി.വൈ.എം സഭാതല സമിതി ഭാരവാഹികൾ എന്നിവർ ഉൾപ്പെടുന്നു.

**h) ഭദ്രാസനതല ഭരണസമിതി**

ഭദ്രാസനങ്ങളുടെ തെരഞ്ഞെടുക്കപ്പെടുന്ന എം.സി.വൈ.എം. ഭാരവാഹികൾ ഉൾപ്പെടുന്ന നേതൃത്വസമിതിയാണിത്. ഭദ്രാസന

ഭാരവാഹികൾ സഭാതല സെനറ്റ് അംഗങ്ങളായിരിക്കും. ഭദ്രാസനങ്ങളുടെ പ്രവർത്തനങ്ങൾ അതാത് ഭദ്രാസനങ്ങളുടെ അംഗീകരിക്കപ്പെട്ടിട്ടുള്ള ചട്ടങ്ങൾക്കും നടപടിക്രമങ്ങൾക്കും വിധേയമായിരിക്കും. എന്നാൽ എല്ലാ വിഷയങ്ങളും സഭാതല സമിതിയെ അറിയിക്കേണ്ടതാണ്. ഭദ്രാസനതല തെരഞ്ഞെടുപ്പ് വേളയിൽ സഭാതല സമിതി നിശ്ചയിക്കുന്ന നിരീക്ഷകൻ തെരഞ്ഞെടുപ്പ് യോഗത്തിൽ സംബന്ധിക്കേണ്ടതാണ്.

**i) മിഷൻ മേഖലാ സമിതി**

ദേശീയവും അന്തർദേശീയവുമായി പ്രവർത്തിക്കുന്ന മിഷൻ മേഖലകളിലെ തെരഞ്ഞെടുക്കപ്പെടുന്ന എം.സി.വൈ.എം. ഭാരവാഹികളുടെ നേതൃത്വ സമിതിയാണിത്. മിഷൻ മേഖലാ സമിതികളുടെ പ്രവർത്തനങ്ങൾ അതത് തലത്തിൽ അംഗീകരിക്കപ്പെട്ടിട്ടുള്ള ചട്ടങ്ങൾക്കും നടപടിക്രമങ്ങൾക്കും വിധേയമായിരിക്കും. ഭദ്രാസനതിർത്തിക്കു പുറത്തുള്ള സമിതികൾ സഭാതല സെക്രട്ടറിയേറ്റിനോട് ബന്ധപ്പെട്ട് പ്രവർത്തിക്കേണ്ടതാണ്. സഭാദ്ധ്യക്ഷന്റെ നേരിട്ടുള്ള അധികാരത്തിലാണ് ഈ മേഖലയിലെ ശുശ്രൂഷകൾ എന്നതിനാൽ എം.സി.വൈ.എം. ന്റെ ഈ മേഖലയിലെ പ്രവർത്തനങ്ങൾ സഭാദ്ധ്യക്ഷന്റെ നിർദ്ദേശങ്ങൾക്ക് നേരിട്ട് വിധേയപ്പെട്ടിരിക്കുന്നതാണ്.

ബാഹ്യ ഇന്ത്യ പ്രാതിനിധ്യ സ്വഭാവം കണക്കിലെടുത്ത് അതാത് മേഖലകളിൽ നിന്നും സഭാതല സെക്രട്ടറിയേറ്റിലേക്ക് സെക്രട്ടറിമാരെ ചെയർമാന്റെ അനുവാദത്തോടെ സെക്രട്ടറിയേറ്റിന് സഭാദ്ധ്യക്ഷന്റെ മുമ്പാകെ സമർപ്പിക്കാവുന്നതാണ്. മിഷൻ മേഖലാ തലത്തിൽ ഭദ്രാസന സംവിധാനം ഔദ്യോഗികമായി നിലവിൽ വരുന്നതോടെ ഭദ്രാസന പ്രവർത്തന മാനദണ്ഡം അന്നുമുതൽ അവിടെ പാലിക്കപ്പെടേണ്ട താണ്.

**j) വൈദികജില്ല/മേഖലഭരണസമിതി**

വൈദികജില്ല/മേഖലകളുടെ തെരഞ്ഞെടുക്കപ്പെടുന്ന എം.സി.വൈ.എം ഭാരവാഹികൾ ഉൾപ്പെടുന്ന നേതൃത്വസമിതിയാണിത്. വൈദികജില്ല/മേഖല ഭാരവാഹികൾ ഭദ്രാസന സെനറ്റ് അംഗങ്ങളായിരിക്കും. വൈദികജില്ല/മേഖലകളുടെ പ്രവർത്തനങ്ങൾ അതാത് വൈദികജില്ല/മേഖലയുടെ അംഗീകരിക്കപ്പെട്ടിട്ടുള്ള ചട്ടങ്ങൾക്കും നടപടിക്രമങ്ങൾക്കും വിധേയമായിരിക്കും. എന്നാൽ എല്ലാ വിഷയങ്ങളും ഭദ്രാസനസമിതിയെ അറിയിക്കേണ്ടതാണ്. വൈദികജില്ല/മേഖലതല തെരഞ്ഞെടുപ്പുവേളയിൽ ഭദ്രാസനസമിതി

നിശ്ചയിക്കുന്ന നിരീക്ഷകൻ തെരഞ്ഞെടുപ്പ് യോഗത്തിൽ സംബന്ധി ക്കേണ്ടതാണ്. വൈദികജില്ല/മേഖല തലത്തിൽ നിന്നും ഭദ്രാസന സിൻഡിക്കേറ്റംഗങ്ങളായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് കുറഞ്ഞത് രണ്ട് വർഷത്തെ വൈദികജില്ല/മേഖലതല മുൻഭാരവാഹിത്വം ഉണ്ടായിരിക്കേണ്ടതാണ്.

## അദ്ധ്യായം III
## അധികാരങ്ങളും അവകാശങ്ങളും
## 13. ഭരണസമിതിയംഗങ്ങളുടെ അധികാരങ്ങളും അവകാശങ്ങളും

**1. ചെയർമാൻ**

പ്രസ്ഥാനത്തിന്റെ സഭാജീവിതത്തിലും സംഘടനാ പ്രവർത്ത നങ്ങളിലും പുരോഗതിക്കുതകുന്ന മാർഗ്ഗനിർദ്ദേശം നൽകുന്നതിനും ക്രമീകരണങ്ങൾ നിർദ്ദേശിക്കുന്നതിനും ഭരണ സംവിധാനങ്ങളിലും പ്രവർത്തനങ്ങളിലും പൊതുമേൽനോട്ടം വഹിക്കുന്നതിനുമുള്ള അധികാരവും അവകാശവും; ഡയറക്ടറുടെ നിയമനം, അസി. ഡയറക്ടറുടെ നിയമനം, ആനിമേറ്ററിന്റെ നിയമനം, ഔദ്യോഗിക ഭാരവാഹികളുടെ ഭാരവാഹിത്വത്തിനുള്ള ഔദ്യോഗിക അംഗീകാരം, ഭരണഘടനാ ഭേദഗതിക്കുള്ള അംഗീകാരം, സംഘടനാ തർക്കങ്ങളുടെ തീരുമാനം കൂടാതെ ഈ ഭരണഘടനയിൽ ഉൾപ്പെടുന്ന മറ്റ് അധികാരങ്ങളും ചെയർമാനിൽ നിക്ഷിപ്തമായിരിക്കുന്നു. ചെയർമാൻ സഭാദ്ധ്യക്ഷന്റെ അധികാരത്തിന് വിധേയപ്പെട്ടിരിക്കുന്നു. അന്തിമ തീരുമാനം സഭാദ്ധ്യക്ഷനിൽ ആയിരിക്കും.

**2. ഡയറക്ടർ**

ചെയർമാനു വിധേയമായി പ്രസ്ഥാനത്തിന്റെ ലക്ഷ്യപ്രാ പ്തിക്ക് ആദ്ധ്യാത്മിക നേതൃത്വം നൽകുക.

പ്രസ്ഥാനത്തിന്റെ പൊതു നയരൂപീകരണത്തിനും ഭേദഗതിക്കും അംഗീകാരം നൽകുക.

ആവശ്യാനുസരണം എല്ലാ തലങ്ങളിലുമുള്ള യോഗങ്ങളിൽ പങ്കെടുക്കുകയും മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുക.

ഭദ്രാസന ഡയറക്ടർമാർ, മിഷൻ മേഖലാ ഡയറക്ടർമാർ, മറ്റു വൈദികർ എന്നിവരെ ഏകോപിപ്പിച്ച് സംഘടനയുടെ സഭാപരമായ ജീവിതത്തേയും പ്രവർത്തനങ്ങളേയും ശക്തിപ്പെടുത്തുക.

അടിയന്തരവും ആവശ്യവുമായ ഘട്ടങ്ങളിൽ ഭരണസമിതി യോഗങ്ങൾ വിളിച്ചുകൂട്ടിക്കുക. കൂടാതെ ഭരണഘടനയിൽ പറഞ്ഞിരിക്കുന്ന മറ്റു അധികാരങ്ങളും ഡയറക്ടറുടെ പരിധിയിൽ ഉൾപ്പെടുന്നു.

**3. പ്രസിഡന്റ്**

പ്രസ്ഥാനത്തിന്റെ പൊതുഭരണ ചുമതലയും നേതൃത്വവും പ്രസിഡന്റിൽ നിക്ഷിപ്തമായിരിക്കുന്നു. കൂടാതെ സഭാതല യോഗങ്ങൾ വിളിച്ചുകൂട്ടുകയോ കൂട്ടിക്കുകയോ ചെയ്യുക. പ്രസ്ഥാനത്തിന്റെ ലക്ഷ്യങ്ങൾക്കും പ്രഖ്യാപിതനയങ്ങൾക്കും അനുസൃതമായി പ്രസ്താവനകൾ പുറപ്പെടുവിക്കുക. സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ്, സെനറ്റ് തുടങ്ങിയ സംഘടനയുടെ എല്ലാ തലങ്ങളിലുമുള്ള യോഗങ്ങളിലും സമ്മേളനങ്ങളിലും അദ്ധ്യക്ഷത വഹിക്കുക. ഭദ്രാസന പരിധിക്ക് പുറത്തുള്ള ദേശീയവും അന്തർദേശീയവുമായ യൂണിറ്റുകളെ സഭാതല പരിപാടികളുമായി ഒന്നിപ്പിക്കുന്നതിന് ക്രിയാത്മക പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുക. ചെയർമാനുമായും, ഡയറക്ടറുമായും ചേർന്ന് കർമ്മപരിപാടികൾ ആലോചിക്കുക എന്നിവയും ഭരണഘടന അനുശാസിക്കുന്ന മറ്റു അധികാരങ്ങളും പ്രസിഡന്റിൽ നിക്ഷിപ്തമായിരിക്കുന്നു.

**4. വൈസ് പ്രസിഡന്റുമാർ**

പ്രസിഡന്റ് ഹാജരല്ലാത്ത സന്ദർഭങ്ങളിലും പ്രസിഡന്റ് സ്ഥാനം രാജിവയ്ക്കുന്ന പക്ഷം ആളെ തെരഞ്ഞെടുക്കുന്നതുവരെയും പ്രസിഡന്റിന്റെ എല്ലാ അധികാരങ്ങളും ചുമതലകളും വൈസ് പ്രസിഡന്റിനായിരിക്കും.

പ്രസിഡന്റിനെ സംഘടനാ പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനോടൊപ്പം പ്രസിഡന്റ് നിർദ്ദേശിക്കുന്ന ഇതര കർത്തവ്യങ്ങളും വൈസ് പ്രസിഡന്റിന്റെ ചുമതലയായിരിക്കും.

**5. ജനറൽ സെക്രട്ടറി**

പ്രസ്ഥാനത്തിന്റെ ദൈനംദിന കാര്യ നിർവ്വഹണ ചുമതല ജനറൽ സെക്രട്ടറിക്ക് ആയിരിക്കും. ഭരണഘടനയിലെ ഇതരവകുപ്പുകളിൽ നൽകിയിരിക്കുന്ന അധികാരങ്ങൾക്കും ചുമതലകൾക്കും പുറമേ താഴെ പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ട്. യോഗങ്ങൾക്ക് അറിയിപ്പുകൾ അയയ്ക്കുക, കത്തിടപാടുകൾ നടത്തുക, അവയുടെ ഫയലുകൾ സൂക്ഷിക്കുക; ചെയർമാൻ, സഭാതല ഡയറക്ടർ, പ്രസിഡന്റ് ഇവരുടെ അംഗീകാരത്തോടെ ആവശ്യമായ സർക്കുലറു

കൾ പുറപ്പെടുവിക്കുക, വാർഷിക, അർദ്ധവാർഷിക റിപ്പോർട്ടുകൾ തയ്യാറാക്കുക, യോഗങ്ങളുടെ മിനിറ്റ്സും പ്രവർത്തന റിപ്പോർട്ടും രജിസ്റ്ററും സൂക്ഷിക്കുക, ബഡ്ജറ്റ് അവതരിപ്പിക്കുക. അടിയന്തിരഘട്ടങ്ങളിൽ 5000 രൂപയിൽ കവിയാത്ത ചെലവ് സ്വന്തം ഉത്തരവാദിത്വത്തിൽ ചെയ്യാൻ ജനറൽ സെക്രട്ടറിക്ക് അവകാശമുണ്ടായിരിക്കും. ആവശ്യമുള്ളപക്ഷം സിൻഡിക്കേറ്റിന്റെ അനുമതിയോടെ അവകാശങ്ങളും ചുമതലകളും സെക്രട്ടറിമാരെ ഏല്പിക്കാവുന്നതാണ്.

**6. സെക്രട്ടറി**

ജനറൽ സെക്രട്ടറിയുടെ അഭാവത്തിൽ മറ്റൊരാളെ നിയമിക്കും വരെ ജനറൽ സെക്രട്ടറിയുടെ ചുമതല നിർവ്വഹിക്കുക. കൂടാതെ ജനറൽ സെക്രട്ടറി ഏല്പിക്കുന്ന മറ്റ് ചുമതലകളും സെക്രട്ടറിയുടെ കൃത്യനിർവ്വഹണ പരിധിയിൽ വരുന്നു.

**7. ട്രഷറർ**

ഭരണഘടനയുടെ ഇതര വകുപ്പുകളിൽ പറഞ്ഞിരിക്കുന്ന അധികാരങ്ങൾക്കും ചുമതലകൾക്കും പുറമേ താഴെപ്പറയുന്ന അധികാരങ്ങളും ചുമതലകളും ഉണ്ടായിരിക്കും.

പ്രസ്ഥാനത്തിനു വരേണ്ട ഫീസുകൾ, വരിസംഖ്യകൾ, സംഭാവനകൾ മുതാലയവ സ്വീകരിക്കുകയും അവയ്ക്ക് സെൻട്രൽ സെക്രട്ടറിയേറ്റിന്റെ മുദ്രയോടുകൂടി രസീതുകൾ നൽകുകയും ചെയ്യുക.

സഭാതല സെക്രട്ടറിയേറ്റ് അംഗീകാരത്തിനു വിധേയമായി സംഘടനയ്ക്കു വേണ്ടി ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്തുക.

സിൻഡിക്കേറ്റിന്റെ നിർദ്ദേശമനുസരിച്ച് വരുന്ന ചെലവുകൾ സെക്രട്ടറിയുടെ രേഖയിന്മേൽ ചെയ്യുക.

പ്രസ്ഥാനത്തിന്റെ സ്വത്തുക്കളുടെയും വരവു ചെലവുകളുടെയും കണക്കുകൾ എഴുതി സൂക്ഷിക്കുക. അവ സംബന്ധിച്ചുള്ള എല്ലാ രേഖകളും സ്വന്തം നിയന്ത്രണത്തിലും ഉത്തരവാദിത്വത്തിലും കേന്ദ്ര ഓഫീസിൽ സൂക്ഷിക്കുക.

സിൻഡിക്കേറ്റ് നിശ്ചയിക്കുന്ന കാലാവധിക്കുള്ളിൽ അതാതു കാലത്തെ വരവ് ചെലവുകൾ സെനറ്റ് ഓഡിറ്ററെ നിശ്ചയിക്കുന്ന പക്ഷം ഓഡിറ്ററെക്കൊണ്ട് ഓഡിറ്റ് ചെയ്യിച്ച് സിൻഡിക്കേറ്റിൽ അവതരിപ്പിച്ച് അംഗീകാരത്തോടെ സെനറ്റിൽ അവതരിപ്പിക്കുക.

ചെലവ് ചെയ്യുന്ന തുകയ്ക്ക് ശരിയായ അധികാരപത്രങ്ങളും വൗച്ചറുകളും വാങ്ങി സൂക്ഷിക്കുക.

പ്രസ്ഥാനത്തിന്റെ പണം ഡയറക്ടറുടെയും ട്രഷററുടെയും പേരിൽ ജോയിന്റ് അക്കൗണ്ടിൽ ബാങ്കിൽ നിക്ഷേപിക്കുക.

സെനറ്റോ സിൻഡിക്കേറ്റോ നിശ്ചയിക്കുന്ന വിധത്തിലും അവസരത്തിലുമല്ലാതെ പ്രസ്ഥാനത്തിന്റെ പേരിൽ യാതൊരു ബാദ്ധ്യതയും ഏർപ്പെടുത്തുന്നതിന് ട്രഷററിന് അധികാരം ഉണ്ടായിരിക്കുന്നതല്ല.

5000 രൂപയിൽ (അയ്യായിരം രൂപ) കവിഞ്ഞ തുക കൈവശം വച്ചു കൊണ്ടിരിക്കുവാൻ പാടില്ല

ശരിയായ അധികാരപത്രവും, വൗച്ചറും, ബില്ലും കൂടാതെ ട്രഷറർ ചെയ്യുന്ന ചെലവുകൾക്ക് പ്രസ്ഥാനം ഉത്തരാവാദിയായിരിക്കുന്നതല്ല.

**14. ഭരണസമിതിയുടെ അധികാരങ്ങളും അവകാശങ്ങളും**

**1. സഭാതല സെക്രട്ടറിയേറ്റ്**

ഇത് പ്രസ്ഥാനത്തിന്റെ കാര്യനിർവ്വാഹക സമിതിയാണ്. സമയാ സമയങ്ങളിൽ സെക്രട്ടറിയേറ്റ് സമ്മേളിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുകയും മാർഗ്ഗനിർദ്ദേശം നൽകുകയും ചെയ്യുക. സഭാതല അഡ്വൈസറി കൗൺസിൽ രൂപീകരിക്കുക. ഭദ്രാസന നിരീക്ഷകരെ ചുമതലപ്പെടുത്തുക.

**2. സഭാതല സിൻഡിക്കേറ്റ്**

ചെയർമാന്റെയും സെനറ്റിന്റെയും നിർദ്ദേശങ്ങൾക്ക് വിധേയമായി പ്രസ്ഥാനത്തിന്റെ കാര്യങ്ങൾക്ക് പദ്ധതി തയ്യാറാക്കുക.

ദേശീയ അന്തർദേശീയ മിഷൻ മേഖലകളുമായി പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയും ബന്ധങ്ങൾ സഭാതലവുമായി ഏകോപിപ്പിക്കുകയും ചെയ്യുക.

എം.സി.വൈ.എം. നേതൃത്വം നൽകേണ്ട ഇതര യുവജന പ്രസ്ഥാനങ്ങളിലേക്കുള്ള ഭാരവാഹികളെ നിശ്ചയിക്കുന്നതും നിയോഗിക്കുന്നതും സഭാദ്ധ്യക്ഷന്റെ അംഗീകാരത്തോടുകൂടി സിൻഡിക്കേറ്റ് ആയിരിക്കും. എല്ലാ മേജർ അതിഭദ്രാസന/അതിഭദ്രാസന/ഭദ്രാസന/എക്സാർക്കേറ്റുകൾക്കും പങ്കാളിത്തവും അവസരവും ലഭ്യമാകുന്ന തരത്തിൽ റൊട്ടേഷൻ ക്രമം പാലിക്കേണ്ടതാണ്.

കെ.സി.വൈ.എം, ഐ.സി.വൈ.എം എന്നീ സമിതികളിലേക്ക് ഭാരവാഹികളെ തെരഞ്ഞെടുക്കുക. ഐ.സി.വൈ.എം, കെ.സി.വൈ.എം മറ്റ് ഉപരിഘടകങ്ങൾ എന്നിവയുടെ ഭാരവാഹിത്വത്തിലേക്ക് പരിഗണിക്കപ്പെടുന്നവർ അതിഭദ്രാസന/ഭദ്രാസന സമിതിയിലോ

സഭാതല സമിതിയിലോ കുറഞ്ഞത് രണ്ടു വർഷത്തെ മുൻഭാരവാഹിത്വം ഉണ്ടായിരിക്കണം.

ഭദ്രാസന/മിഷൻ മേഖലകളിൽ ആ സമിതികളുടെ ആവശ്യാനുസരണം യൂണിറ്റ് രൂപീകരണത്തിന് സഹായിക്കുക.

പ്രസ്ഥാനത്തിനുവേണ്ടി പ്രസ്താവനകൾ പുറപ്പെടുവിക്കുക. അധികാര സ്ഥാനങ്ങളിൽ നിവേദനം സമർപ്പിക്കുക.

പ്രസ്ഥാനം വക ഔദ്യോഗിക പ്രസിദ്ധീകരണത്തിന് സംവിധാനമേർപ്പെടുത്തുക.

പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് വിവിധ ഫോറങ്ങൾ രൂപീകരിക്കുക.

പഠന കമ്മിറ്റികൾ രൂപീകരിക്കുക, അവരുടെ റിപ്പോർട്ട് പ്രകാരം യുക്തമായ നടപടികൾ സ്വീകരിക്കുക.

**3. സഭാതല സെനറ്റ്**

സഭയുടെ താൽപ്പര്യവും ലക്ഷ്യവും അനുസരിച്ച് പ്രസ്ഥാനത്തിന്റെ നയം രൂപീകരിക്കുക.

ഭരണഘടനയും ഭേദഗതിയും പാസ്സാക്കി പരിശുദ്ധ സുന്നഹദോസിന്റെ അംഗീകാരത്തിന് സമർപ്പിക്കുക.

സഭയേയും സമൂഹത്തേയും സംബന്ധിച്ചതോ പൊതുപ്രാധാന്യ മുള്ളതോ ആയ പ്രശ്നങ്ങൾ ചർച്ച ചെയ്യുക.

സഭാതലതല കർമ്മപരിപാടികൾ ആവിഷ്ക്കരിക്കുക.

സഭാതല സെക്രട്ടറിയേറ്റിനെ തെരഞ്ഞെടുക്കുക

ബഡ്ജറ്റ്, വരവു-ചെലവു കണക്കുകൾ, വാർഷിക റിപ്പോർട്ട്, പ്രമേയം എന്നിവ ചർച്ച ചെയ്ത് അംഗീകരിക്കുക.

എം.സി.വൈ.എമ്മിന്റെ വിവിധ തലങ്ങളിലുള്ള പ്രവർത്തനങ്ങൾ വിലയിരുത്തി നയം രൂപീകരിക്കുക.

ആവശ്യാനുസരണം മലങ്കര കാത്തലിക് യൂത്ത് കമ്മീഷന് അപേക്ഷകൾ സമർപ്പിക്കുക.

# അദ്ധ്യായം IV
# യോഗങ്ങൾ

**1. സഭാതല സെക്രട്ടറിയേറ്റ്**

സഭാതല സെക്രട്ടറിയേറ്റ് ആവശ്യാനുസരണം വിളിച്ചുകൂട്ടാവുന്നതാണ്. ഇതിന്റെ യോഗത്തിന് കോറം ആവശ്യമില്ല. എന്നാൽ ചെയർമാന്റെയോ ഡയറക്ടറുടെയോ സാന്നിദ്ധ്യം യോഗത്തിന് അനിവാര്യ ഘടകമായിരിക്കും.

**2. സഭാതല സിൻഡിക്കേറ്റ്**

സഭാതല സിൻഡിക്കേറ്റ് ആവശ്യാനുസരണം സമ്മേളിച്ച് നടപടി കൈക്കൊള്ളാവുന്നതാണ്. ഇതിന്റെ കോറം ¼ ആയിരിക്കും. എന്നാൽ ആദ്യ യോഗത്തിന് കോറം തികാതെ വന്നാൽ, അതേ അജണ്ട ചർച്ച ചെയ്തു തീരുമാനിക്കുന്നതിന് കോറം പിന്നീട് ആവശ്യമില്ലാത്തതുമാകുന്നു.

**3. സഭാതല സെനറ്റ്**

**a) അദ്ധ്യക്ഷൻ**

സെനറ്റ് യോഗത്തിൽ പ്രസിഡന്റോ, പ്രസിഡന്റിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റോ, വൈസ് പ്രസിഡന്റ് ഹാജരാകാത്ത പക്ഷം ഹാജരുള്ള അംഗങ്ങളിൽ ഒരാളെ ഭൂരിപക്ഷാഭിപ്രായമനുസരിച്ച് അദ്ധ്യക്ഷ സ്ഥാനത്തേക്ക് തെരഞ്ഞെടുത്ത് യോഗം നടത്താവുന്നതാണ്.

യോഗാരംഭത്തിനുശേഷം പ്രസിഡന്റോ വൈസ് പ്രസിഡന്റോ കക്ഷിയായി വരുന്ന പ്രശ്നം തീരുമാനിക്കപ്പെടേണ്ട അവസരത്തിൽ ഡയറക്ടർ യോഗാദ്ധ്യക്ഷനായിരിക്കേണ്ടതാണ്.

**b) നടപടിക്രമം**

സെനറ്റ് യോഗത്തിന്റെ നടപടികൾ അദ്ധ്യക്ഷൻ നിയന്ത്രിക്കുന്നതും അദ്ധ്യക്ഷന്റെ റൂളിംഗ് യോഗത്തെ സംബന്ധിച്ചിടത്തോളം അന്തിമമായിരിക്കുന്നതുമാകുന്നു.

**c) കാര്യപരിപാടികൾ**

പ്രാർത്ഥന, ബൈബിൾ വായന, സ്വാഗതം, മുൻയോഗ റിപ്പോർട്ട്, ബൈബിൾ വിചിന്തനം, അദ്ധ്യക്ഷപ്രസംഗം, ആലോചനാ വിഷയാവതരണം, ചർച്ച, സമാപന തീരുമാനമറിയിപ്പ്, കൃതജ്ഞത, സമാപന പ്രാർത്ഥന, എം.സി.വൈ.എം ആന്തം.

**d) പ്രശ്നോത്തരങ്ങൾ**

അദ്ധ്യക്ഷൻ അനുവദിക്കുന്ന സമയം പ്രശ്നോത്തരങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്. മറുപടി ലഭിക്കേണ്ട ചോദ്യങ്ങൾ യോഗം ആരംഭിക്കുന്നതിന് അര മണിക്കൂർ മുമ്പെങ്കിലും ജനറൽ സെക്രട്ടറിയെ ഏല്പിക്കണം. ഇതിനെ അടിസ്ഥാനമാക്കി അംഗങ്ങൾക്ക് ഉപചോദ്യങ്ങളും അവയ്ക്ക് മറുപടിയും നൽകാവുന്നതാണ്.

**e) സെനറ്റ് പ്രമേയങ്ങൾ**

സെനറ്റിൽ അവതരിപ്പിക്കേണ്ട പ്രമേയങ്ങൾ 10 ദിവസത്തിന് മുമ്പ് ജനറൽ സെക്രട്ടറിയെ ഏല്പിക്കേണ്ടതാണ്.

സെക്രട്ടറിയേറ്റ് അംഗീകരിക്കാത്ത യാതൊരു പ്രമേയവും സെനറ്റ് പര്യാലോചനയ്ക്ക് സമർപ്പിക്കുവാൻ പാടില്ല. എന്നാൽ, അടിയന്തര പ്രസക്തി അനുസരിച്ച് വിഷയങ്ങൾ തീരുമാനത്തിന് സമർപ്പിക്കാവുന്നതാണ്. ഇതിന് വിഷയങ്ങൾ ഡയറക്ടറുടെ പക്കൽ രേഖാമൂലം സമർപ്പിക്കേണ്ടതും അംഗീകാരം നേടേണ്ടതുമാണ്.

ഔദ്യോഗികമായി സെക്രട്ടറിയേറ്റിൽ നിന്നും സെനറ്റിൽ അവതരിപ്പിക്കേണ്ട വിഷയങ്ങൾ സിൻഡിക്കേറ്റിൽ മുൻകൂട്ടി ചർച്ച ചെയ്തശേഷം മാത്രമേ സെനറ്റിൽ അവതരിപ്പിക്കാവൂ.

**f) അടിയന്തര പ്രമേയങ്ങൾ**

അടിയന്തര പ്രമേയത്തിന്റെ പ്രതിപാദ്യവിഷയം പ്രമേയം സമർപ്പിക്കേണ്ട ദിവസങ്ങൾക്കു ശേഷം ഉത്ഭവിച്ചതെങ്കിൽ യോഗം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുമ്പ് ജനറൽ സെക്രട്ടറിയെ ഏൽപ്പിക്കുകയും ഡയറക്ടറുടെ അനുമതിയോടെ അംഗങ്ങൾക്ക് പ്രമേയം അവതരിപ്പിക്കാവുന്നതുമാണ്. പ്രമേയത്തിന്മേൽ ചർച്ച ആവശ്യമെങ്കിൽ അദ്ധ്യക്ഷൻ അനുവദിക്കുന്ന സമയപരിധിക്കുള്ളിൽ ചർച്ച നടത്തി അവസാനിപ്പിക്കേണ്ടതാണ്.

**g) അവിശ്വാസ പ്രമേയം**

സെനറ്റംഗങ്ങളിൽ ആർക്കെങ്കിലും തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹിക്കെതിരെയോ ഭാരവാഹികൾക്കെതിരെയോ അവിശ്വാസം രേഖപ്പെടുത്തണമെങ്കിൽ സെനറ്റ് അംഗങ്ങളിൽ 2/3 ഭാഗത്തിന്റെ സമ്മതത്തോടെ അതിനുള്ള കാരണം രേഖാമൂലം ചെയർമാന് സമർപ്പിക്കേണ്ടതാണ്. ചെയർമാന്റെ തീരുമാനം അന്തിമമായിരിക്കും.

ഭൂരിപക്ഷാടിസ്ഥാനത്തിൽ അവിശ്വാസപ്രമേയം പാസ്സാക്കുന്നതിനോ തള്ളിക്കളയുന്നതിനോ അവകാശമുണ്ട്. അവിശ്വാസ

പ്രമേയം പാസ്സാകുന്നെങ്കിൽ ആരോപണവിധേയരായവർ രാജിവയ്ക്കേണ്ടതാകുന്നു.

സെനറ്റിൽ സമ്മേളിച്ചിരിക്കുന്ന മൂന്നിലൊന്ന് ഭാഗം പേർ ആവശ്യപ്പെട്ടൽ സെനറ്റ് യോഗം അനുവദിക്കുന്ന സമയപരിധിയിൽ ചർച്ച നടത്തി അവസാനിപ്പിക്കേണ്ടതാണ്.

ആരോപണ വിധേയനായ വ്യക്തിക്ക് വിശദീകരണം നടത്താൻ അവസരം നൽകേണ്ടതാണ്.

**h) ബഡ്ജറ്റ് വാർഷിക യോഗങ്ങൾ**

വാർഷിക - അർദ്ധവാർഷിക യോഗങ്ങൾ ഡയറക്ടറുടെയും പ്രസിഡന്റിന്റേയും സമ്മതത്തോടെ സെക്രട്ടറി വിളിച്ചുകൂട്ടേണ്ടതും ബഡ്ജറ്റ് ചർച്ച നടത്തി കാര്യങ്ങൾ തീരുമാനിക്കേണ്ടതാണ്. വർഷത്തിൽ ഒരു പ്രാവശ്യമെങ്കിലും സെനറ്റ് യോഗം നടന്നിരിക്കണം.

**i) വിശേഷാൽ യോഗങ്ങൾ**

**a)** സിൻഡിക്കേറ്റ് ആവശ്യപ്പെടുന്ന അവസരത്തിലും അടിയന്തിര ഘട്ടത്തിൽ ഡയറക്ടർ പ്രത്യേകം നിർദ്ദേശിക്കുന്നതനുസരിച്ചും വിശേഷാൽ യോഗങ്ങൾ ജനറൽ സെക്രട്ടറി വിളിച്ചു കൂട്ടേണ്ടതാണ്.

**b)** അടിയന്തര സാഹചര്യങ്ങളിൽ ഡയറക്ടറിന്റെയും, പ്രസിഡന്റിന്റെയും സാന്നിധ്യത്തിൽ ലഭ്യമായ സെക്രട്ടറിയേറ്റ് അംഗങ്ങൾ ഒരുമിച്ച് കൂടി കാര്യങ്ങൾ തീരുമാനിക്കാവുന്നതാണ്.

**c) നോട്ടീസ്**

സെനറ്റ് യോഗത്തിനുള്ള നോട്ടീസ് യോഗത്തിന് 15 ദിവസം മുമ്പെങ്കിലും അംഗങ്ങളുടെ പക്കൽ എത്തിയിരിക്കണം. പ്രസ്തുത അറിയിപ്പിൽ യോഗം ചേരുന്ന സ്ഥലം, തീയതി, സമയം, കാര്യ പരിപാടികൾ എന്നിവ വിശദമാക്കിയിരിക്കണം.

**d) കോറം**

സെനറ്റ് യോഗത്തിന്റെ കോറം ആകെ $\frac{1}{4}$ ആയിരിക്കും. കോറമില്ലാതെ വന്നാൽ യോഗം ആരംഭിക്കുന്നതിന് നിശ്ചയിച്ച സമയം മുതൽ ഒരു മണിക്കൂർ വരെ കാത്തിരിക്കേണ്ടതും പിന്നെയും കോറമില്ലാത്തപക്ഷം ആ തീയതി മുതൽ 15 ദിവസത്തിനുള്ളിൽ ആദ്യയോഗ കാര്യപരിപാടിയനുസരിച്ച് നോട്ടീസ് നൽകി യോഗം വിളിച്ചു കൂട്ടേണ്ടതും ഈ യോഗത്തിൽ കോറം നിർബന്ധമില്ലാത്തതുമാകുന്നു.

# അദ്ധ്യായം V

## 15. തെരഞ്ഞെടുപ്പും കാലാവധിയും

### 1. യോഗ്യത

എം.സി.വൈ.എം. സഭാതല സെക്രട്ടറിയേറ്റ് പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നാ ഭാരവാഹിത്വത്തിന് ഭദ്രാസനങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തി രണ്ടു വർഷത്തെ ഭദ്രാസനം സെനറ്റംഗത്വമുൾപ്പെടെ ഒരു വർഷത്തെ ഭദ്രാസന ഭാരവാഹിയെങ്കിലും ആയിരിക്കണം. സഭാതല സെക്രട്ടറിയേറ്റിൽ രണ്ടു പ്രാവശ്യത്തിലധികം തുടർച്ചയായി അംഗമായിരിക്കുവാൻ പാടില്ല. മറ്റു ഭാരവാഹിത്വത്തിന് രണ്ട് വർഷത്തെ സെനറ്റംഗത്വം നിർബന്ധമാണ്.

### 2. തെരഞ്ഞെടുപ്പ്

സഭാതല ഡയറക്ടർ തെരഞ്ഞടുപ്പിന്റെ റിട്ടേണിങ്ങ് ഓഫീസറായിരിക്കും. അതാത് മേജർ അതിഭദ്രാസന/ അതിഭദ്രാസന/ ഭദ്രാസന/എക്സാർക്കേറ്റ് ഘടകത്തിൽ നിന്നും സഭാതല സെനറ്റിലേയ്ക്ക് തെരഞ്ഞെടുത്തയയ്ക്കുന്ന സിൻഡിക്കേറ്റ് അംഗങ്ങളിൽ നിന്നും സഭാതല സെക്രട്ടറിയേറ്റിനെ തെരഞ്ഞെടുക്കുന്നു.

സഭാതല സിൻഡിക്കേറ്റ് അംഗങ്ങളായി തെരഞ്ഞെടുക്കപ്പെടുന്നവരുടെ പൂർണ്ണ വിവരം അതാതുതല ഡയറക്ടർമാർ ഭദ്രാസന അധ്യക്ഷൻമാരുടെ അനുമതിയോടെ സഭാതലസമിതി ഡയറക്ടറെ അറിയിക്കേണ്ടതും, സഭാതലസമിതി തെരെഞ്ഞെടുപ്പിനു ഹാജരാകുമ്പോൾ അംഗങ്ങൾ ഭദ്രാസനാധ്യക്ഷന്റെ അനുമതിയോടുകൂടിയ സാക്ഷിപത്രം സഭാതലസമിതി ഡയറക്ടറെ കാണിക്കേണ്ടതുമാകുന്നു.

മേഖല/വൈദികജില്ലതലത്തിൽ നിന്നും തെരഞ്ഞെടുത്ത് അയക്കുന്ന സിൻഡിക്കേറ്റ് അംഗങ്ങളിൽ നിന്നുമായിരിക്കും അതിഭദ്രാസന/ഭദ്രാസന സെക്രട്ടറിയേറ്റിനെ തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുപ്പിന്റെ സാധുതയ്ക്ക് (Validity) ഭദ്രാസനാദ്ധ്യക്ഷന്റെ രേഖാമൂലമായ അനുമതി ആവശ്യമാണ്. ഇതിനുശേഷം മാത്രമേ സമിതി നിലവിൽ വരികയുള്ളൂ.

അതിഭദ്രാസന/ഭദ്രാസന/എക്സാർക്കേറ്റ്/സമിതിയിൽ നിന്നും തെരഞ്ഞെടുത്ത് അയയ്ക്കുന്ന സിൻഡിക്കേറ്റ് അംഗങ്ങളിൽ

നിന്നുമായിരിക്കും സഭാതല സമിതിയെ തെരഞ്ഞെടുക്കുന്നത്. ഇവരുടെ തെരഞ്ഞെടുപ്പ് യൂത്ത്കമ്മീഷൻ ചെയർമാന്റെ മേൽനോട്ടത്തിൽ നടത്തപ്പെടണം. തെരഞ്ഞെടുക്കപ്പെട്ടവരുടെ പേരുകൾ ചെയർമാൻ അംഗീകാരത്തിനായി സഭാദ്ധ്യക്ഷന് സമർപ്പിക്കേണ്ടതാണ്. സഭാദ്ധ്യക്ഷന്റെ രേഖാമൂലമായ അനുമതി തെരഞ്ഞെടുപ്പിന്റെ സാധുതയ്ക്ക് (Validity) ആവശ്യമാണ്. ഇതിനുശേഷം മാത്രമേ സമിതി നിലവിൽ വരികയുള്ളൂ.

അതിഭദ്രാസന /ഭദ്രാസന /എക്സാർക്കേറ്റ് സമിതിയിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന സിൻഡിക്കേറ്റ് അംഗങ്ങളിൽ നിന്നുമായിരിക്കും അതാതു വർഷത്തേക്കുള്ള ഐ.സി.വൈ.എം, കെ.സി.വൈ. എം/റീജയണൽ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നത്. ഇവരുടെ തെരഞ്ഞെടുപ്പ് യൂത്ത്കമ്മീഷൻ ചെയർമാന്റെ മേൽനോട്ടത്തിൽ നടത്തപ്പെടണം. തെരഞ്ഞെടുക്കപ്പെട്ട വരുടെ പേരുകൾ ചെയർമാൻ അംഗീകാരത്തിനായി സഭാദ്ധ്യക്ഷന് സമർപ്പിക്കേണ്ടതാണ്. സഭാദ്ധ്യക്ഷന്റെ രേഖാമൂലമായ അനുമതി തെരഞ്ഞെടുപ്പിന്റെ സാധുതയ്ക്ക് (Validity) ആവശ്യമാണ്. ഇതിനുശേഷം മാത്രമേ സമിതി നിലവിൽ വരികയുള്ളൂ.

സഭാതല സെക്രട്ടറിയേറ്റിലേക്ക് തെരഞ്ഞെടുക്കപ്പെടാത്തവർ സഭാതല സിൻഡിക്കേറ്റ് അംഗങ്ങളായി തുടരുന്നതാണ്.

മേജർ അതിഭദ്രാസനം, അതിഭദ്രാസനം, ഭദ്രാസനം, എക്സാർക്കേറ്റുകൾക്കും പ്രാതിനിധ്യവും അവസരവും ലഭ്യമാക്കുന്ന തലത്തിൽ ഭാരവാഹികളെ തെരഞ്ഞെടുക്കുമ്പോൾ റൊട്ടേഷൻ ക്രമം അവലംബിക്കേണ്ടതാണ്. സഭാതല സമിതിയിലെ വൈസ് പ്രസിഡന്റ്, സെക്രട്ടറി പദവികളിൽ ഒരെണ്ണം വനിതകൾക്കായി സംവരണം ചെയ്തിരിക്കുന്നു.

സഭാതല സെക്രട്ടറിയേറ്റിൽ ഏതെങ്കിലും പദവിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് ബഹുഭൂരിപക്ഷം (50%+1) ആവശ്യമാണ്. തുടർച്ചയായി രണ്ടു വോട്ടിംഗിലും ബഹുഭൂരിപക്ഷം ലഭിച്ചില്ലെങ്കിൽ കേവലഭൂരിപക്ഷം മതിയാവുന്നതാണ്.

തെരഞ്ഞെടുപ്പ് പരാതികളെക്കുറിച്ചുള്ള അന്തിമ തീരുമാനം യൂത്ത് കമ്മീഷൻ ചെയർമാനിൽ നിക്ഷിപ്തമായിരിക്കും. തെരഞ്ഞെടുപ്പ് ഫലം പ്രാബല്യത്തിൽ വരുന്നത് സഭാദ്ധ്യക്ഷന്റെ അംഗീകാരത്തോടെ മാത്രമായിരിക്കും.

**3. കാലാവധി**

സഭാതല സമിതികളുടെ കാലാവധി 2 വർഷമായിരിക്കും. എന്നാൽ, യൂത്ത് കമ്മീഷൻ ചെയർമാന്റെ നിർദ്ദേശാനുസരണം പുതിയ സഭാതല സെക്രട്ടറിയേറ്റ് ഉണ്ടാകുന്നതുവരെ നിലവിലുള്ള സഭാതല സെക്രട്ടറിയേറ്റിന് തുടരാവുന്നതാണ്.

# അദ്ധ്യായം VI

**16. ധനാഗമ മാർഗ്ഗങ്ങൾ**

മലങ്കര കാത്തലിക് യൂത്ത് കമ്മീഷൻ യുവജന പ്രവർത്തനങ്ങൾക്കായി സഭാതലത്തിൽ നിശ്ചയിക്കുന്ന തുകയും സംഭാവനകളും ഇതര പദ്ധതികളിലൂടെ ലഭിക്കുന്ന ആദായവും നിക്ഷേപ പലിശയും സഭാതല സമിതിയുടെ ധനാഗമ മാർഗ്ഗങ്ങളാണ്.

പ്രസ്ഥാനത്തിന്റെ സ്വത്തുക്കൾ സമൂഹമെന്ന നിലയിൽ സ്ഥിതി ചെയ്യുന്നതും സ്വത്തുക്കളുടെയോ ആദായത്തിന്റെയോ അംശങ്ങൾ അംഗങ്ങളുടെ ഇടയിൽ വിഭജിക്കുവാൻ പാടില്ലാത്തതുമാകുന്നു.

ഈ പ്രസ്ഥാനത്തിന്റെ പ്രവർത്തനം സ്വയം അവസാനിക്കുകയോ നിർത്തലാക്കുകയോ ചെയ്യുന്നപക്ഷം ബാദ്ധ്യതകൾ നീക്കി അവശേഷിക്കുന്ന സ്വത്ത് സഭയുടെ പൊതു നന്മയ്ക്കായി ഉപയോഗിക്കുവാൻ ചെയർമാന് അധികാരമുണ്ടായിരിക്കും.

**17. ആഘോഷങ്ങൾ**

സ്വർഗ്ഗീയ മദ്ധ്യസ്ഥപെരുനാൾ, പുനരൈക്യദിനം, എം.സി. വൈ.എം.ദിനം, സ്വാതന്ത്ര്യദിനം, യുവജനദിനം, ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മപെരുനാൾ, സഭാപിതാക്കന്മാരുടെ ഓർമ്മപ്പെരുന്നാൾ, മാർത്തോമ്മാ ശ്ലീഹായുടെ ദുക്റാനാ, ഈസ്റ്റർ, ക്രിസ്തുമസ്, സാമൂഹ്യനീതി ദിനം എന്നിവ പ്രസ്ഥാനം ആഘോഷിക്കേണ്ടുന്ന ദിനങ്ങളാണ്. സെനറ്റിന്റെ തീരുമാനപ്രകാരം പ്രത്യേക ദിനങ്ങളും ആഘോഷങ്ങൾക്കായി തെരഞ്ഞെടുക്കപ്പെടാവുന്നതാണ്.

**18. സഭാതല കാര്യാലയം**

സഭാതലതല പ്രവർത്തനങ്ങളുടെ ആസ്ഥാനം കാതോലിക്കേറ്റ് സെന്റർ ആയിരിക്കും. സഭാതല പ്രവർത്തനങ്ങളുടെ

ആസ്ഥാനം എം.സി.വൈ.എം. സഭാതലസമിതി കാര്യാലയം, കാതോലിക്കേറ്റ് സെന്റർ, പട്ടം, തിരുവനന്തപുരം - 695 004 എന്ന അഡ്രസ്സിൽ ഇപ്പോൾ പ്രവർത്തിക്കുന്നു.

**19. രജിസ്റ്ററുകളും റെക്കോർഡുകളും**

സഭാതലസമിതി കാര്യാലയത്തിൽ താഴെ പറയുന്ന റെക്കോർഡുകളും രജിസ്റ്ററുകളും ഉണ്ടായിരിക്കണം.

ഭദ്രാസന ഘടങ്ങളുടെയും, മേഖലാ ഘടകങ്ങളുടെയും, അംഗങ്ങളുടെയും ഭാരവാഹികളുടെയും പൂർണ്ണമായ വിവരം, സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ്, സെനറ്റ് അംഗങ്ങൾ എന്നിവരുടെ പേരും, പൂർണ്ണമായ മേൽവിലാസവും, സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ്, സെനറ്റ് തുടങ്ങിയവയുടെ യോഗ റിപ്പോർട്ടുകൾ, ദേശീയവും അന്തർദ്ദേശീയവുമായ യൂണിറ്റുകളുടെ പൂർണ്ണമായ രേഖകൾ, ഭരണഘടന, പ്രസ്ഥാനത്തെ സംബന്ധിക്കുന്ന സ്വത്തുക്കൾ, ബാങ്ക് രേഖകൾ, രസീതുകൾ, വൗച്ചറുകൾ, സീലുകൾ, ലെറ്റർപാഡുകൾ തുടങ്ങിയവ, എഴുത്തുകുത്തു ഫയലുകൾ, അനുബന്ധ ഫോറങ്ങളും അവയുടെ പൂർണ്ണമായ വിവരവും, ഓഫീസ് ഡയറി, സന്ദർശന ഡയറി, സിൻഡിക്കേറ്റ് നിശ്ചയിക്കുന്ന ഇതര റെക്കോർഡുകൾ.

**19 a). യൂത്ത് അഡ്വൈസറി കൗൺസിൽ**

പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും ആശയരൂപീകരണത്തിനുമായി സഭാപഠനത്തിൽ തൽപ്പരരും വിദഗ്ദ്ധ ഉപദേശകരുമായ സഭാനേതാക്കന്മാരെ ഉൾപ്പെടുത്തി ചെയർമാന്റെ അനുവാദത്തോടെ അതാത് ഭരണ സമിതിയുടെ കാലഘട്ടത്തിൽ യൂത്ത് അഡ്വൈസറി കൗൺസിൽ രൂപീകരിക്കേണ്ടതാണ്. കൗൺസിലിന്റെ കാലാവധി 2 വർഷമായിരിക്കും. ഈ സമിതിയിൽ 15ൽ കൂടാത്ത അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

# അദ്ധ്യായം VII

**20. ശിക്ഷാനടപടി**

ഭദ്രാസനഘടകങ്ങൾ അതതു ഭദ്രാസനങ്ങളിലെ അംഗങ്ങളുടെ മേലോ, യൂണിറ്റികളുടെ മേലോ കൈക്കൊള്ളുന്ന ശിക്ഷാനടപടിയിന്മേൽ അതതു ഭദ്രാസനാദ്ധ്യക്ഷന്റെ പേർക്ക് അപ്പീൽ ബോധിപ്പിക്കാവുന്നതാണ്. ഭദ്രാസനാദ്ധ്യക്ഷന്റെ തീരുമാനം അന്തിമമായിരിക്കും. മെത്രാന്മാരുടെ നേരിട്ടുള്ള അധികാരപരിധി

യിൽ വരാത്ത സ്ഥലങ്ങളിൽ ഈ അധികാരം സഭാദ്ധ്യക്ഷനിൽ നിക്ഷിപ്തമായിരിക്കും.

**21. രാജി**

എം.സി.വൈ.എം. ഔദ്യോഗികഭാരവാഹികൾ രാജിവയ്ക്കുന്നതിന് മതിയായതും യുക്തവുമായ കാരണങ്ങൾ ഉണ്ടായിരിക്കണം. രാജി രേഖാ മൂലം അതാതു സമിതിയുടെ ഡയറക്ടർക്ക് സമർപ്പിക്കണം. രാജിയിന്മേലുള്ള തീരുമാനം അതാതു തലത്തിലുള്ള സെക്രട്ടറിയേറ്റിന്റെ ആലോചനപ്രകാരം അതാതുതല ഡയറക്ടർ 30 ദിവസത്തിനകം ബന്ധപ്പെട്ട വ്യക്തിയെ രേഖാമൂലം അറിയിക്കേണ്ടതാണ്. സഭാതലസമിതിയംഗങ്ങളുടെ രാജി അംഗീകരിക്കുന്നത് ചെയർമാനായിരിക്കും.

**22. ഭേദഗതികൾ**

ഈ ഭരണഘടനയുടെ ഏതെങ്കിലുമൊരംശം എടുത്തുകളയുന്നതിനോ ഭേദപ്പെടുത്തുന്നതിനോ കൂട്ടിച്ചേർക്കുന്നതിനോ സഭാതല സെനറ്റ് യോഗത്തിൽ ആകെയുള്ള അംഗങ്ങളിൽ ഭൂരിപക്ഷവും ഹാജരാകുകയും ഹാജരുള്ള പ്രതിനിധികളിൽ നാലിൽ മൂന്നുഭാഗം അനുകൂലിക്കുകയും ചെയ്യേണ്ടതാണ്.

ഭരണഘടനാ ഭേദഗതികൾ സ്വീകരിക്കുവാനോ നിരാകരിക്കുവാനോ, ശുപാർശകളോടെ മടക്കി അയയ്ക്കുവാനോ ചെയർമാന് അധികാരം ഉണ്ടായിരിക്കും. ഭരണഘടനയിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്ന ഭേദഗതി സെനറ്റിൽ ചർച്ച ചെയ്യണമെങ്കിൽ ആ ഭേദഗതിയുടെ പൂർണ്ണരൂപം പ്രസ്തുത യോഗ നോട്ടീസിൽ ചേർത്തിരിക്കേണ്ടതാണ്.

ഭേദഗതികൾ പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിക്കുന്നതോടുകൂടി മാത്രമേ പ്രാബല്യത്തിൽ വരികയുള്ളൂ.

**23. നിയമവ്യാഖ്യാനം**

ഈ ഭരണഘടനയെ വ്യാഖ്യാനിക്കുന്നതിനുള്ള അധികാരം സിൻഡിക്കേറ്റിനായിരിക്കും. ചെയർമാന്റെ അംഗീകാരം ഈ വ്യാഖ്യാനത്തിന്റെ ആധികാരികതയ്ക്ക് നിർബന്ധമാണ്. പ്രസ്ഥാനത്തെ സംബന്ധിച്ച് അന്തിമ തീരുമാനം മലങ്കര സുറിയാനി കത്തോലിക്കാ സഭാദ്ധ്യക്ഷനിൽ നിക്ഷിപ്തമാണ്.

# അദ്ധ്യായം VIII

**അനുബന്ധങ്ങൾ**

## പ്രാർത്ഥന

കർത്താവേ, എന്നെ അങ്ങയുടെ
സമാധാനത്തിന്റെ ഒരു ഉപകരണമാക്കേണമേ.
വിദ്വേഷമുള്ളിടത്തു സ്നേഹവും
ദ്രോഹമുള്ളിടത്തു ക്ഷമയും
സന്ദേഹമുള്ളിടത്തു വിശ്വാസവും
നിരാശയുള്ളിടത്തു പ്രത്യാശയും
അന്ധകാരമുള്ളിടത്തു പ്രകാശവും
സന്താപമുള്ളിടത്തു സന്തോഷവും
ഞാൻ വിതയ്ക്കട്ടെ.
മാറേണ്ടവയെ മാറ്റുവാനുള്ള ധൈര്യവും
മാറ്റപ്പെടാത്തവയോടു പൊരുത്തപ്പെടുവാനുള്ള വിവേകവും
ഇവ വിവേചിച്ചറിയുവാനുള്ള വിജ്ഞാനവും
എനിക്കു നീ തരണമേ
ഓ! ദിവ്യനാഥാ.
ആശ്വസിപ്പിക്കപ്പെടുന്നതിനെക്കാൾ ആശ്വസിപ്പിക്കുന്നതിനും
മനസ്സിലാക്കപ്പെടുന്നതിനെക്കാൾ മനസ്സിലാക്കുന്നതിനും
സ്നേഹിക്കപ്പെടുന്നതിനെക്കാൾ സ്നേഹിക്കുന്നതിനും
എനിക്ക് ഇടയാകേണമേ
എന്തെന്നാൽ കൊടുക്കുമ്പോഴാണ് ഞങ്ങൾക്ക് ലഭിക്കുന്നത്.
ക്ഷമിക്കുമ്പോഴാണ് ഞങ്ങളോട് ക്ഷമിക്കുന്നത്.
മരിക്കുമ്പോഴാണ് ഞങ്ങൾ
നിത്യജീവിതത്തിലേക്ക് ജനിക്കുന്നത്.

# പ്രതിജ്ഞ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ/ യുവജനപ്രസ്ഥാനമായ/മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റിൽ/ അംഗമായിരിക്കുന്ന ഞാൻ/ കർത്താവായ യേശുക്രിസ്തുവിൽ/ ആവിഷ്കൃതമായ രക്ഷാകര പദ്ധതി യിലും/തിരുസഭയിലും വിശ്വസിക്കുന്നു.

അപ്പസ്തോലനായ മാർ തോമ്മാശ്ലീഹായാൽ/രൂപീകൃതമായ മലങ്കരസഭയുടെ/അപ്പസ്തോലിക പൈതൃകത്തിലും/ആർഷഭാരത ത്തിന്റെ സവിശേഷമായ/സാംസ്കാരിക ആഭിമുഖ്യങ്ങളിലും/ആഗോള കത്തോലിക്കാ സഭയുടെ തനിമയിലും/ആദ്ധ്യാത്മിക പാരമ്പര്യങ്ങളിലും/ ഞാൻ അഭിമാനിക്കുന്നു.

എം.സി.വൈ.എം. ന്റെ/പ്രഖ്യാപിത ഭരണഘടനയ്ക്കു വിധേയ മായി/മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രത്യേക ദൗത്യമായ/പുനരൈക്യശ്രമങ്ങളുടെ ഫലപ്രാപ്തിക്കും/ പ്രസ്ഥാനത്തിന്റെ ലക്ഷ്യപ്രാപ്തിക്കും വേണ്ടി/നിരന്തരം പ്രയത്നിച്ചുകൊള്ളാമെന്ന്/ദൈവനാമത്തിൽ ഞാൻ പ്രതിജ്ഞ ചെയ്യുന്നു.

ഈ പ്രതിജ്ഞ നിറവേറ്റുവാൻ പരിശുദ്ധ കന്യകമറിയാമും എം.സി.വൈ.എം. ന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസീസ്സിയും എന്നെ സഹായിക്കട്ടെ.

# എം.സി.വൈ.എം. ആന്തം

സിരകളിൽ വീര്യം നുരയും നൂതന
യുവജന ശക്തി തരംഗം
കരളിൽ ക്രൈസ്തവ ധർമ്മം
ലക്ഷ്യം മാനവ വിമോചനം

എം.സി.വൈ.എം. എം.സി.വൈ.എം.
അണിയണി ചേർന്നിടാം
അഭിമാനത്തിൻ അലകളുയർത്തി
ഒന്നായ് പാടീടാം

തമസിൻ കോട്ട തകർക്കാനൻപിൻ
പൊൻവിളക്കുകളായിടാം
നേരിൻ പൊന്നൊളി വീശാം നന്മതൻ
നക്ഷത്രകതിരായിടാം
പ്രശ്നശതങ്ങളിൽ അമരും നാടിനെ
വിശ്വാസത്തിലുണർത്തിടാം (സിരകളിൽ)

സ്വാർത്ഥരെങ്ങുമൊളിപ്പിക്കും
സമൃദ്ധിയെ മോചിപ്പിക്കാൻ
ശാന്തിതൻ ചുണ്ടിലെ പാട്ടുണർത്താൻ
നീതി പ്രവാചകരായീടാം
അറിവുണർത്തും പ്രാർത്ഥനയാൽ
ആത്മ ധൈര്യം നേടീടാം (സിരകളിൽ)